# e ജ്വാല

ജി.എം.എച്ച്.എസ്.എസ്.ചെറുവട്ടൂർ

2018-19

# ആശംസ



ചെറുവത്തൂർ ഗവൺമെൻറ് മോഡൽ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾ e-ജ്വാല എന്ന പേരിൽ ഒരു ഡിജിറ്റൽ മാസിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട് . ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതരാണ്. അവരിൽ നിക്ഷിപ്തമായ ദൗത്യം നൂറുശതമാനം സത്യസന്ധമായി പൂർത്തീകരിച്ച കൊച്ചു

കൂട്ടുകാർക്ക് ഹൃദയത്തിന്റെ ഭാഷയിൽ ആശംസകൾ നേരുന്നു.

പ്രധാനാദ്ധ്യാപിക



ശ്രീമതി പത്മിനി എൻ പി

# എഡിറ്റോറിയൽ

സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായ് ഹൈടെക് പദ്ധതിയിലൂടെ  പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മയാണ്  ലിറ്റിൽ  കൈറ്റ്സ്. ഈ ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കിയ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഞങ്ങൾക്ക് മാർഗനിർദേശങ്ങൾ നൽകിയ അദ്ധ്യാപകർക്കും നന്ദി. ഏവർക്കും സൗഹൃദത്തിന്റെ പുഞ്ചിരിയോടെ ആത്മനിർവൃതിയോടെ പരിമിതികൾ അംഗീകരിച്ച് കൊണ്ട് സമർപ്പിക്കുന്നു.



എഡിറ്റർ
ലുബൈബ അഷ്റഫ്

**മുഖ്യ പത്രാധിപ**



ലുബൈബ അഷ്റഫ്

**സഹ പത്രാധിപൻ**



അശ്വന്ദ് കെ.എസ്

## മറ്റു സഹായികൾ

അൻസി ബഷീർ

അൻസ നാസർ

ബാദുഷ സുബൈർ

ഫാത്തിമത്ത് സുഹറ

ഫാത്തിമ ബി.എ

ഫാത്തിമത്ത് സിത്താര


അദ്വൈത് ജി കുമാർ

മുഹമ്മദ് കെ.എ

അനീന ജയ്ശങ്കർ

ജെസ്ന ജലാൽ







## സമർപ്പണം



# ആമുഖം

IT @ SCHOOL-ന്റെ ഭാഗമായ LITTLE KITES-ന്റെ ആഭിമുഖ്യത്തിൽ *e-ജ്വാല* എന്ന ഞങ്ങളുടെ e- മാഗസിൻ പുറത്തിറക്കുന്നതിലുള്ള ഞങ്ങളുടെ അതിയായ സന്തോഷവും സംതൃപ്തിയും നിങ്ങളോടൊപ്പം പങ്കു വയ്ക്കട്ടെ. കുട്ടികളിലെ സർഗാത്മകത വികസിപ്പിക്കാനും കലയെ പരിപോഷിപ്പിക്കുന്നതിനും അതേ സമയം വിവര വിനിമയ സാങ്കേതിക വിദ്യയുടെ ചില നൂതന വിദ്യകൾ പരിചയപ്പെടുത്തുന്നതിനും അടുത്തറിയുന്നതിനും ഭാവിയിൽ അവർക്കൊരു മുതൽക്കൂട്ടാകും വിധം അവയെ പരിപോഷിപ്പിക്കാനുമുള്ള ഒരു വേദിയായി ഇത് മാറട്ടെ എന്ന് പ്രത്യാശിക്കുന്നു. LITTLE KITES-ലൂടെ ഞങ്ങൾക്ക് ലഭിച്ച പാഠങ്ങൾ ഏവർക്കും പ്രചോദനമാകട്ടെ എന്ന ശുഭാപ്തിവിശ്വാസത്തോടെ സമർപ്പിക്കുന്നു



# ഇതളുകൾ വിടരുമ്പോൾ




- കമ്പ്യൂട്ടറിന്റെ ചരിത്രം 9
- ഓർമ്മകളിൽ ഒരിക്കൽകൂടി 11
- പുഷ്പമണി ടീച്ചർ 12
- ചിറ്റാറിൻ കുളിരിലേക്ക് 13
- കരയുന്ന പുഴ 14
- അക്ഷയഗണിതം 16
- കുട മറന്നവർ 17
- മലയാളനാട്ടും ഭാഷയും 18
- അമ്മയായി ദേവീ നീ 20
- തെരുവിന്റെ സന്തതി 21
- ബാല്യകാലം 23
- മഹത് വചനങ്ങൾ 24
- അമ്മ മാനസം 25
- ഇരുളിലെ വെളിച്ചം തേടി 26
- മയം പിടിക്കാത്ത പേന 27
- നമ്മുടെ പരിസ്ഥിതി 28
- കുഞ്ഞുണ്ണിയുടെ ഒരു ദിവസം 31
- മനസ്സെന്ന ചെപ്പടി വിദ്യക്കാരൻ 32

- അനാഥ ബാല്യങ്ങൾ 34
- ശാന്തത 35
- ബാലവേല 36
- ഗുരുദക്ഷിണ 38
- സ്വപ്നങ്ങൾ തകർത്ത പ്രളയം 39
- ആ കണ്ണുകൾ 40
- പെരിയാറിന്റെ ഓളങ്ങളിലൂടെ 41
- ഇന്നലെയുടെ താളുകൾ 43
- ഇനി ഓർമ്മകൾ മാത്രം 44
- ഓർമച്ചെപ്പ് 45
- എൻ കലാലയ മുറ്റം 46
- താജ് മഹൽ 50
- പഴഞ്ചൊല്ലുകൾ 53
- Friendship 54
- My Second home 55
- Sachin Tendulkar 56
- Tear Drops 57
- Me and My tree 58
- मेरी छतरी 59
- നന്ദി 60

# കമ്പ്യൂട്ടറിന്റെ ചരിത്രം

കമ്പ്യൂട്ടറുകൾ ഏതാണ്ട് ക്രിസ്തുവിന് 3000 വർഷങ്ങൾക്ക് മുമ്പുതന്നെ രൂപം കൊണ്ടു.കണക്ക് കൂട്ടുക എന്നർത്ഥമുള്ള കമ്പ്യൂട്ട് [compute]എന്ന പദത്തിൽ നിന്നാണ് കമ്പ്യൂട്ടർ എന്ന പദം ആദ്യമായി ഉദ്ഭവിച്ചത്.1613-ൽ ആണ് കമ്പ്യൂട്ടർ എന്ന പദം ആദ്യമായി ഉപയോഗിച്ചത്.പിന്നീട് അത് സർവസാധാരണമായി മാറി.ആദ്യ കാലങ്ങളിൽ കമ്പ്യൂട്ടറുകൾ കണക്ക് കൂട്ടലുകൾക്ക് മാത്രമായിരുന്നു ഉപയോഗിച്ചിരുന്നത്.എന്നാൽ ഇന്ന് കമ്പ്യൂട്ടറിന്റെ കെട്ടിലും മട്ടിലും ഉപയോഗത്തിലും ധാരാളം മാറ്റങ്ങൾ വന്നിട്ടുണ്ട്.ഇന്ന് കമ്പ്യൂട്ടർ എല്ലാ മേഖലയിലും ഒരു അഭിവാജ്യ ഘടകമാണ്.പ്രാഥമികാവശ്യത്തിൽ മാത്രമായി കമ്പ്യൂട്ടറിന്റെ ഉപയേഗം പരിമിതപ്പെട്ടില്ല.വാണിജ്യം, വിദ്യാഭ്യാസം,ആരോഗ്യം, വിനോദം,ശാസ്ത്രം ആശയവിനിമയം എന്നു ഉടങ്ങി എല്ലാ മേഖലയിലും കമ്പ്യൂട്ടർ ഇന്നൊരു അഭിവാജ്യ ഘടകമാണ്. സാധാരണ ഉപയോഗത്തിന് ഉള്ള കമ്പ്യൂട്ടറുകൾ വരുന്നതിനു മുമ്പ് മനുഷ്യർ തന്നെയാണ് അധികം കണക്കു കൂട്ടലുകളും നടത്തിയിരുന്നത്. കണക്കു കൂട്ടലുകൾ നടത്താൻ മനുഷ്യനെ സഹായിച്ച ഉപകരണങ്ങൾ കണക്കു കൂട്ടൽ യന്ത്രങ്ങൾ എന്നറിയപ്പെട്ടു. പിന്നീട് അത് കാല്കുലേറ്ററുകൾ എന്നായി മാറി . 1940 മുതൽ എല്ലാ ദശകത്തിലും കമ്പ്യൂട്ടർ സാങ്കേതികവിദ്യയിൽ മഹത്തായ മാറ്റങ്ങൾ വന്നുകൊണ്ടിരുന്നു

അൻസി ബഷീർ




LOLLIPOPS
PLAY SCHOOL (LKG & UKG)
Love, Laugh, Learn
GMHSS CHERUVATTOOR



# ഓർമ്മകളിൽ ഒരിക്കൽകൂടി

ഓർമ്മതൻ ചെപ്പിൻ ഞാനൊളിപ്പിച്ച വച്ചൊരു
പൊൻമയിൽ പീലി തൻ ഉണ്ട പോലെ
മൗനമാം മാനസപാത്രത്തിൽ വീണൊരു
പൊൻ മുത്തായ് നീയെന്റെ മുന്നിൽ വന്നു.
മനസ്സിൽ  വിരിഞ്ഞൊരു മഴവില്ലുപോലെ നീ
മനതാരിൽ വർണ്ണം വിടർത്തി നിന്നു
ആരാരും കാണാതെ ആരോടും പറയാതെ
നിന്നെയെൻ ജീവനിൽ ചേർത്തു നിർത്തി.
അകലുമെന്നറിയാതെ നിന്നെ ഞാൻ എന്റെയീ
കുഞ്ഞുഹൃദയത്തിൽ കാത്തുവച്ചു
വീണ്ടടയുന്നൊരു പൂമഴത്തുള്ളി പോൽ
എന്നെത്തനിച്ചാക്കി നീയകന്നു
കാലമാം ജീവിത ചക്രത്തിലറിയാതെ
മുന്നോട്ടുപോകുന്ന ജീവിതത്തിൽ
എങ്ങോ കളഞ്ഞു പോയി ഈ കുഞ്ഞുഹൃത്തിൽ
നിന്നെൻ സഖീ നിന്റെയാ പൂമുഖവും
എവിടെക്കളഞ്ഞുപോയെന്നറിയാതെ ഞാൻ
പൊട്ടിക്കരഞ്ഞു നിലവിളിച്ചു
ഭ്രാന്തിയെപ്പോലെയലഞ്ഞു ഞാൻ വീഥിയിൽ
നിൻ നിഴൽ പോലും ഞാൻ കണ്ടതില്ല
എവിടെയെന്നറിയാതെ നിന്നെയും തേടി ഞാൻ
ആകെത്തളർന്നു തകർന്നു പോയി
അന്നു മുതൽ കാണാൻ ജീവിത പാതയിൽ
അന്യയെപ്പോലെ പകച്ച് നിന്നു.
ജീവിത യാത്രയിൽ എന്തിനോ വേണ്ടി ഞാൻ
ഓർമ്മതൻ താളുകൾ നീക്കീടവേ
എവിടെയോ കണ്ടുമറന്നൊരാ പൊൻമുഖം
ഓർമ്മകൾ തിക്കിതിരക്കി വന്നു
തിരികെ വരില്ലന്നെറിഞ്ഞിട്ടുമെന്തിനോ
അറിയാതെ എൻ മനമൊന്നു തേങ്ങി
മുറുകെ പിടിച്ച നിൻ ഓർമയുമായി ഞാൻ
അകലങ്ങളിലേക്ക് യാത്രപോയി

അദ്വൈത് ജി കുമാർ



# പുഷ്പമണി ടീച്ചർ

ഇരുട്ടു പരക്കാൻ തുടങ്ങിയിരിക്കുന്നു.ബാലൻ ട്രെയിനിറങ്ങി.ബാഗെടുത്ത് നേരേ നടന്നു.വീട്ടിലേക്ക് പോകണം. രണ്ടാനമ്മയുടെ ഭയാനകമായ മുഖം മനസ്സിൽ തെളിഞ്ഞു. ഭയം തോന്നി. പത്ത് കൊല്ലത്തിന് ശേഷം എല്ലാം മാറിയിരിക്കുന്നു. പുതിയ ചന്തകൾ,കവലകൾ ,കടകൾ, ടാറിട്ട ഇടവഴി പിന്നെ നാട്ടുപാതയാണ്. ഇരുവശങ്ങളിലും വൻ മരങ്ങൾ തണലേകുന്ന ഒരു നാട്ടുപാത.അവൻ നേരേ നടന്നു. ആദ്യം പുഷ്പമണി ടീച്ചറുടെ അടുത്തേക്ക്..അതൊരു ഉറച്ച തീരുമാനമായിരുന്നു.കുട്ടികളുടെ ഏറ്റവും പ്രിയപ്പെട്ട ടീച്ചറായിരുന്നു അവർ. കുട്ടികളുടെ കൂട്ടുകാരി. അറിവിന്റെ ആദ്യാക്ഷരം പഠിപ്പിക്കുവാൻ കൈപിടിച്ച് കൊണ്ട് പോയ തന്റെ ആദ്യ ഗുരു ദൂരെ തെരുവോരങ്ങളിൽ വഴി വിളക്കുകൾ പ്രകാശിക്കുന്നത് ബാലൻ ഏറെ നേരം നോക്കി നിന്നു. മഞ്ഞു പെയ്യുന്നുണ്ടെന്നറിഞ്ഞപ്പോൾ നടത്തം വേഗത്തിലാക്കി.

പുഷ്പമണി ടീച്ചറുടെ വീട്. ടീച്ചറുണ്ടായിരിക്കുമോ അവിടെ?അവന്റെ കൈവിരലുകൾ കോളിംഗ് ബെല്ലിൽ അമർന്നു. കുറച്ച് നേരത്തിന് ശേഷം ഒരാൾ വന്ന് വാതിൽ തുറന്നു. മെലിഞ്ഞ് വെള്ള നിറത്തിലുള്ള ഒരു യുവതി.മുട്ടു വരെ നീണ്ട് കറുത്ത മുടികൾ. ടീച്ചർക്കൊരു മാറ്റവും വന്നിട്ടില്ല. അവർ പരസ്പരം നോക്കി.'പുഷ്പമണി ടീച്ചർ' അവന്റെ ചുണ്ടുകൾ മന്ത്രിച്ചു.പക്ഷെ അത് വലിയൊരു ശബ്ദമായിത്തീർന്നു.ബാലനോ ?വാ കേറ് എന്നു കണ്ടതാ നിന്നെ. ഒരു കത്തോ ഫോൺ വിളിയോ ഒന്നുമില്ല. അതിനല്ലേ ടീച്ചർ ഇപ്പോൾ വന്നിരിക്കുന്നത്.ബാലൻ അകത്തേക്ക് കയറി. ആദ്യം കുളിച്ച് വാ, എന്നിട്ടാവാം വിശേഷം. ടീച്ചർ അവനൊരു തോർത്ത് കൊടുത്തു. ബക്കറ്റിൽ ചൂടാക്കി വെച്ച വെള്ളംകൊണ്ട് അവൻ കുളിച്ചു. തനിക്കു വേണ്ടി കാത്തിരിക്കുന്നവർ ധാരാളമുണ്ട്. തന്റെ കുടുംബത്തെ കുറിച്ചോർക്കുമ്പോൾ അവന് മടുപ്പാണ്. അച്ഛനൊരുപാവമായിരുന്നെങ്കിലും അമ്മയുടെ മരണശേഷം കെട്ടിയ രണ്ടാനമ്മയുടെ കുരുക്കിൽ അച്ഛനും വീണു. ഒരു ശല്യക്കാരനാണെന്ന് പറഞ്ഞ് വീട്ടിൽ നിന്ന് ഇറക്കി വിട്ടു.പുഷ്പമണി ടീച്ചർ സഹായത്തിനെത്തിയപ്പോൾ മുഴവൻ പകയും ടീച്ചറോട് വെച്ച് അച്ഛൻ മടങ്ങി. കൊല്ലുമെന്ന പ്രതികാര വാക്കോടെ. അന്നിറങ്ങിയതാണ് ഇവിടെ നിന്നും. ടീച്ചർക്കൊരു ബുദ്ധിമുട്ടാവരുതല്ലോ. ബാലാ ഭക്ഷണം കഴിക്കാൻ വന്നോളൂ. ടീച്ചർ അവനെ വിളിച്ചു. താഴേക്ക് ചെന്ന് ഭക്ഷണം കഴിച്ചു. മടങ്ങുമ്പോഴാണ് ടീച്ചറോട് അച്ഛനെക്കുറിച്ച് ചോദിച്ചത്. ഒരു കൊലപാതകത്തിന് ജയലിൽ പോയതാണെന്ന് മാത്രം പറഞ്ഞ് ടീച്ചർ നടന്നു നീങ്ങി. സമയം വളരെ വൈകിയതിനാൽ കിടക്കാൻ പോയി. അവന്റെ മനസ്സിൽ നിറയെ അച്ഛനെന്ന കൊലപാതകിയുടെ മുഖമായിരുന്നു. എഴുന്നേറ്റ് കുളിച്ച് കാപ്പി കുടിച്ച് പിന്നീട് വരാമെന്ന് പറഞ്ഞിറങ്ങി. പുറത്തിറങ്ങിയപ്പോൾ ആളുകൾ നോക്കുന്നത് അവന്റെ ശ്രദ്ധയിൽ പെട്ടു. നീ എപ്പോൾ വന്നെടാ?ആദ്യകാല സുഹൃത്ത് ചോദിച്ചു. ഇന്നലെ വൈകുന്നേരം. എന്നിട്ട് നീ വീട്ടിൽ പോയില്ലേ?ഇല്ല ടീച്ചറുടെ വീട്ടിലായിരുന്നു. ഏത് ടീച്ചറുടെ?പുഷ്പമണി ടീച്ചറുടെ. ടീച്ചറുണ്ടായിരുന്നോ അവിടെ?ടീച്ചറുണ്ടായിരുന്നുവെന്ന് മാത്രമല്ല നല്ല ഭക്ഷണം കിട്ടി.നന്നായി ഉറങ്ങുകയും ചെയ്തു. അഞ്ച് വർഷം മുമ്പ് ടീച്ചറെ കുത്തി കൊന്നിട്ടാ നിന്റെ അച്ഛൻ ജയിലിൽ പോയത്. അന്ധാളിച്ചു നിൽക്കാനല്ലാതെ ബാലനൊന്നിനും കഴിഞ്ഞില്ല.

**ആദിത്യൻ അശോകൻ**



# ചിറ്റാറിൻ കുളിരിലേക്ക്

മഴ മാറി മാനം തെളിഞ്ഞൊരു പ്രഭാതത്തിലാണ് ആ യാത്ര ആരംഭിച്ചത്. തിരുവനന്തപുരത്ത് നിന്ന് തമിഴ്നാട്ടിലേക്ക് പോകാൻ പരമ്പരാഗതമായൊരു വഴിയുണ്ട്. തമ്പാനൂരിൽ നിന്ന് ദേശീയപാത വഴി നേരേ സഞ്ചരിച്ചാൽ അമരവിള ചെക്ക് പോസ്റ്റും പാറശാലയും കടന്ന് മാർത്താണ്ഡം വഴി വാഗർ കോവിലിൽ എത്താനാകും. ഈ വഴിയിൽ കുറേ നാളുകളായി നിർമ്മാണപ്രവർത്തനങ്ങളും റോഡ് അറ്റകുറ്റപ്പണികളും നടക്കുകയാണ്.ഈ കുരുക്കുകൾ ഒഴിവാക്കി ഒരു ബദൽ വഴി തേടുന്നവർക്ക് മനോഹരമായൊരു സഞ്ചാരപാതയുണ്ട്. യാത്ര പുരോഗമിക്കുന്തോറം ചിറ്റാർ ഡാമിന്റെ ഭാഗമായ റിസർവോയർ കൂടുതൽ വെളിപ്പെട്ട് കൊണ്ടിരുന്നു. പച്ചപ്പും മല നിരകളും വെള്ളക്കെട്ടും മനംകുളിർപ്പിക്കുന്ന കാഴ്ചയായി മുന്നിൽ വന്ന് നിന്നു. ഏകദേശം മൂന്ന് കിലോമീറ്ററോളം ഈ വഴിയിൽ നാം സഞ്ചരിക്കുന്നത് റിസർവോയറിന്റെ അരികിൽ കൂടിയാണ്. ഈ ഭാഗത്ത് അവിടവിടെയായ് വീടുകൾ കാണാം. ആളുകൾ കുളിക്കാനും തുണി അലക്കാനും മറ്റും വെള്ളത്തിലേക്ക് ഇറങ്ങാനായ് നിർമിച്ച കടവുമുണ്ട്. പുതുരുചികൾ തേടുന്നവർക്ക് അസുലഭമായ ചിലതും ഇവിടം ഒരുക്കി വച്ചിട്ടുണ്ട്. നമ്മൾ തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലേക്ക് കടക്കുകയാണ്. ഈ വഴിയിലാണ് പ്രശസ്തമായ തൃപ്പരപ്പ് വെള്ളച്ചാട്ടം. കോടയാർ നദിയിലാണിത് സ്ഥിതി ചെയ്യുന്നത്.തീർത്തും പ്രകൃതിദത്തമായ വെള്ളച്ചാട്ടമല്ല തൃപ്പരപ്പിലേത്. ഇവിടത്തെ കുറേയൊക്കെ നിർമിതികൾ മനുഷ്യരുടേതാണ്. അതുകൊണ്ടുതന്നെ സുരക്ഷിതമായി കുളിക്കാൻ പറ്റിയ ഇടമാണിത്. വെള്ളച്ചാട്ടത്തിലേക്കുള്ള വഴികൾ നിറയെ കടകളാണ്.കുത്തനെയുള്ള ഇറക്കമിറങ്ങി വന്നാൽ ആദ്യം കാണുക മനോഹരമായ ഉദ്യാനമാണ്. മുകളിൽ നിന്ന് പരന്നൊഴുകി താഴേക്ക് വീഴുന്ന വെള്ളച്ചാട്ടം കാണാം. വഴിയിലെ പ്രധാനപ്പെട്ടൊരു തീർത്ഥാടന കേന്ദ്രമാണ് കുരിശുമല. വിശ്വാസികളുടെ കുരിശുമല കയറ്റത്തിന് 60 ആണ്ടുകളുടെ ചരിത്രമുണ്ട്. അപ്രതീക്ഷിതമായാണ് കുരിശുമല പള്ളിയൊന്ന് കാണാൻ തോന്നിയത്. പ്രതീക്ഷിച്ച പോലെ കഠിനമായൊരു കയറ്റമാണ് കുരിശുമലയിലേത്.കയറ്റത്തിന്റെ പകുതിയിലാണ് കുരിശുമലപ്പള്ളി. ഇവിടെ നിന്ന് കോൺക്രീറ്റ് പാത മുകളിലേക്കുണ്ട്.കുറേയെത്തുമ്പോൾ റോഡ് അവസാനിക്കുകയും മലമ്പാത തെളിയുകയും ചെയ്യും.ഇനി കാൽനട മാത്രമാണ് ആശ്രയിക്കാനാവുക.ഈ യാത്ര അവസാനിക്കുകയാണ്. ഓരോ യാത്രയും ബാക്കിവെക്കുന്നതെന്തോ അതാണ് യഥാർത്ഥ യാത്ര.

**അഭിജിത്ത് അജികുമാർ**



# കരയുന്ന പുഴ

**വി**ജനമായൊരു വഴിയിൽ
ഇത്തിരി പോന്നൊരു ജല തുള്ളി ഞാൻ
മഴവെള്ളത്തിനൊപ്പം ഒഴുകി ഞാനും
എവിടെയെന്നറിയാതെ
ഒഴുകും വഴിയുടെ ഇരുളിമയിൽ
ചിലക്കും പക്ഷികൾ തൻ ശബ്ദവും
കാനനഭംഗിയും ആസ്വദിച്ച് പോയ ഞാൻ
ഏതോ പാറക്കല്ലിൽ തട്ടി
വഴിമാറിപ്പോയോ എന്ന ആശയക്കുഴപ്പം
ഞാൻ അറിഞ്ഞു ,വഴിമാറിയില്ല
വേഗതകൂടി എവിടേക്കോ ഒഴുകുന്നു
ഒരു വെള്ളച്ചാട്ടത്തിൻ മുന്നിലെത്തി
പലപല കല്ലുകളിൽ തട്ടി
പളുങ്കുമണി പോലെ ചിതറി ഞാൻ
ഇരുളിൽ കൂട്തുറന്ന് വെളിച്ച-ത്തിലേക്ക്
കടന്നതുപോലെ ആരോരുമില്ലാത്ത ഞാൻ
ഏതോ നദിയിലെത്തിയിരിക്കുന്നു
എങ്ങോട്ടെന്നറിയാതെ
എന്തിനെന്നറിയാതെ
പുറം കാഴ്ചകൾ കണ്ടാസ്വദിച്ച് പോയി ഞാനും

**മഞ്ജിമ മോഹനൻ**







# അക്ഷയഗണിതം

സംഖ്യകളെഴുതും ഗണിതത്തിൽ
അക്ഷയ  പാത്രം ഗണിതം താൻ
അക്ഷയ പാത്രം നിറയുമ്പോൾ
അറിവുകൾ നമ്മിൽ നിറയുന്നു
നൂറ്റാണ്ടിൽ പാരമ്പര്യമായ്
നിലകൊള്ളുന്ന ഗണിതത്തിൽ
അക്ഷയമാം ചെറു പാത്രത്തിൽ
അറിവുകൾ വേഗം നിറയുന്നു.

ഫാത്തിമ ബി.എ





# കുട മറന്നവർ


അന്നു ഞാനാ വൃദ്ധ സദനത്തിൽ
മന:പൂർവ്വം മറന്നുവെച്ചകുട
ഇന്നിതാ വെള്ള പുതച്ച് കിടപ്പൂ
മക്കൾ തൻ സ്നേഹമോ ഇത്
സാഹോദര്യമോ സൗഹൃദമോ
ഇന്നു  ഞാൻ അറിയുന്നു ആ കുടയുടെ
പ്രാധാന്യം ഇവിടെയിതാ കിടക്കുന്നു
എണ്ണിത്തീരാത്ത സ്നേഹം
അറിയുന്നു ഞാൻ അറിയുന്നു ആ സ്നേഹം

മന്യ മധു

# മലയാളനാടും ഭാഷയും

കലകളുടെയും സാഹിത്യത്തിന്റെയും വിലാസരംഗമാണ് മലയാള നാട്. ഈശ്വരൻ നൽകിയ വരദാനമാണ് ഈ ഭൂപ്രകൃതി. സമ്പന്നമായ സംസ്കാരവും മറ്റും കേരളത്തെ സ്വർഗതുല്ല്യമായി മാറ്റുന്നു. പച്ചപുതച്ച വയലുകളും കുന്നുകളും അരുവികളും വനനിബിഡമായ കാടുകളും കടലും കായലുകളും കുളങ്ങളും വ്യത്യസ്തങ്ങളായ പക്ഷിമൃഗാദികളുമെല്ലാം ചേർന്ന് പ്രകൃതി അതിസുന്ദരമാകുന്നു. പ്രതിഭാശാലികളായ പല സാഹിത്യകാരൻമാർക്ക് ജന്മം നൽകിയ നാടാണ് കേരളം.ഭാഷക്ക് കൃത്യമായ ഒരടിത്തറയുണ്ടാക്കിയ എഴുത്തച്ഛനെ നാം ഭാഷാപിതാവെന്ന് വിളിക്കുന്നു. ആധുനിക കവിത്രയം കൂടിയെത്തിയപ്പോൾ ഭാഷ വളർച്ചയുടെപടവുകൾ കയറിത്തുടങ്ങി. തുടർന്ന് അനേകം കവികളുടെ തലോടലേറ്റ് നമ്മുടെ സാഹിത്യലോകവും ഭാഷയും വളർന്നു. മഹത്തരങ്ങളായ നിരവധി കൃതികളിലൂടെ ഇന്ന് മലയാള ഭാഷ ലോകത്തിന് മുന്നിൽ തലയുയർത്തി നിൽക്കുന്നു.

**ജിഷ മോൾ ചന്ദ്രൻ**







# അമ്മയായി ദേവീ നീ

അമ്മയായി ദേവീ നീ ഒഴുകും
വഴികളിൽ പുതുജീവനുകൾ തളിരിടുന്നു
ഭൂമിതൻ പുണ്യമായി ഒഴുകുന്ന
ദേവി നീയെന്റെ തോഴിയായി പോന്നീടുമോ
ഒരിക്കലിങ്ങനെയുര ചെയ്ത മാനുഷർ
മൂടീടിന്നു നിന്റെ മാറും മെയ്യും
നീ ചുരത്തുന്ന മുലപ്പാലും
നീ ഒഴുകും വഴിതടഞ്ഞവർ
നിന്റെ തെളിനീരിനെ അപമാനിച്ചവർ
ഇന്നിതാ ദേവീ എന്നുര ചെയ്ത് മാപ്പിരക്കുന്നു
കാലവർഷത്തിന്റെ ഘോര രാത്രികളിൽ
ഒഴുകിയകലുന്നതെത്ര ജീവനുകൾ
ഓർത്തിടൂ മാനുഷാ അതേ കവി വചനം തന്നെ
ഇന്നു ഞാൻ നാളെ നീ
സംഹാര രൂപിയാം അമ്മതൻ വരികൾ
അമ്മയായി മാറി അമൃത് തന്നൂട്ടിയ അമ്മയെ നാം മറന്നിടല്ലേ
**മാ നിഷാദ** എന്ന മുനിയിടെ വാക്കുകൾ ആവർത്തിച്ചിടുന്നു ഞാനും
കാലത്തിന്റെ കലാപത്തിൽ എരിയുന്ന ജീവനുകൾക്ക് നിത്യശാന്തി
മാനവ ജനതക്കായി മാപ്പിരക്കുന്നു ദേവീ
നിന്റെ പാദങ്ങളിൽ  ശാന്തി തേടുന്നു
പുഴ ഒഴുകും വഴികളിൽ ഇനിയും പുതു-
നാമ്പുകൾ ഉദയം ചെയ്യട്ടെ
പുത്തനുണർവുകൾ പുഞ്ചിരിക്കട്ടെ
അമ്മയായി ദേവീ നീ  എന്നും എൻ ജീവനിൽ

അരുന്ധതി കെ നിജിൽ





# തെരുവിന്റെ സന്തതി

തിരക്കേറിയ ഒരു തെരുവോരം. തല ഉയർത്തി നിൽക്കുന്ന ഇരു നിലകളുള്ള കെട്ടിടങ്ങൾ. തെരുവ് പാതയിൽ കച്ചവടക്കാരും ആവശ്യക്കാരും സജീവം. തെരുവോരങ്ങളിലൂടെ ചീറിപ്പായുന്ന വാഹനങ്ങളുടെ ശബ്ദങ്ങൾ ഇടിമുഴക്കം പോലെയായിരുന്നു. അതിനിടയിലൂടെ അഴുകിയ വസ്ത്രവുമായി ഒരു യുവതി കൈകുഞ്ഞിനെയുമെടുത്ത് ചെറിയ ഭാണ്ഡവുമായി നേരെ നടന്നുവന്നു.അവളറിയാതെ അവളുടെ കൈകൾ ഒരാളുടെ ശരീരത്തിൽ സ്പർശിച്ചു. അശ്ലീകരങ്ങൾ രാവിലെ ഇറങ്ങിക്കൊള്ളും കക്കാനും മോഷ്ടിക്കാനും അയാൾ അലറി. അവൾ സ്വയം കുറ്റപ്പെടുത്തി. വിധിക്കെതിരെ ഒന്നും ചെയ്യാനാവില്ലെന്ന് അവൾ വിശ്വസിച്ചിരുന്നു. അവളപ്പോഴും വിജനമായ ഒരു സ്ഥലം അന്വേഷിക്കുകയായിരുന്നു. കർക്കിടക കാറ്റ് മെല്ലെ വീശിക്കൊണ്ടിരുന്നു.പെട്ടന്നാണത് സംഭവിച്ചത്. പട്ടുസാരിയും സ്വർണാഭരണങ്ങളും ധരിച്ച ഒരു യുവതി അവളുടെ അടുത്തേക്ക് വന്നു.എന്തൊക്കെയോ ആ സ്ത്രീ ചോദിക്കുന്നുണ്ടായിരുന്നു. ഇല്ലെന്ന് മാത്രമായിരുന്നു മറുപടി. ആളുകൾ തിങ്ങിക്കൂടിക്കൊണ്ടിരുന്നു. അവളെ എല്ലാവരും കുറ്റപ്പെടുത്തി. അവളുടെ സഞ്ചിയും ഭാണ്ഡവുമെല്ലാം തപ്പിനോക്കിയ ശേഷം അവളോട് പോകാൻ പറഞ്ഞു. അവളപ്പോഴും സമൂഹത്തെ പഴിക്കാതെ ദൂരേക്ക് നടന്നകന്നു. തന്റെ കരയുന്ന കൊച്ചു കുഞ്ഞിന് പാലൂട്ടാൻ.

**ഫാത്തിമത്തു സിത്താര പർവിൻ**







# ബാല്യകാലം

**ബാല്യം** കടന്നു പോയി
ഓർമ്മകൾ തൻ ഭിത്തിയിൽ
ഒരു വാക്കും മിണ്ടാതെ
ഇനി വരില്ലെന്നാകിലും
ആശിച്ചിടുന്നു ഞാൻ തിരികെ
ലഭിച്ചിരുന്നെങ്കിലാക്കാലം എൻ ബാല്യകാലം
അമ്മതൻ കൈ പിടിച്ചക്ഷരമുറ്റത്ത് ചെന്നതും
മാവിൻ ചുവട്ടിലോടിക്കളിച്ചതുമെൻ ഓർമ്മകളിൽ
അലതല്ലി നിൽപ്പൂ അതിരുകളില്ലാത്ത
സൗഹൃദം സമ്മാനിച്ചോരെൻ വിദ്യാലയും
സ്നേഹത്തിലക്ഷരം ചാലിച്ചു തന്നയെൻ ഗുരുക്കന്മാരം
ഇനി വരില്ലെന്നാകിലും ആശിച്ചിടുന്നു ഞാൻ
തിരികെ ലഭിച്ചിരുന്നെങ്കിലാകാലം എൻ ബാല്യകാലം

**അശ്വന്ദ് കെ.എസ്**





# മഹത് വചനങ്ങൾ

- യുക്തി നമുക്കെതിരാവുമ്പോൾ നാം ആക്ഷേപിച്ച് തുടങ്ങുന്നു . ജഫേഴ്സൺ
- നമ്മുടെ അറിവില്ലായ്മയെകുറിച്ച് ബോധം വരുമ്പോഴാണ് യഥാർത്ഥ ജ്ഞാനത്തിന്റെ ആദ്യ പടി നാം ചവിട്ടുന്നത്- സോക്രട്ടീസ്
- യഥാർത്ഥ മനുഷ്യത്വത്തെ പ്രാപിക്കുമ്പോഴല്ലാതെ ഏതൊരാളും മുക്തിക്ക് അർഹനായി ഭവിക്കില്ല
  ശ്രീ നാരായണ ഗുരു
- ഒരു ഭാഷയിൽ അകപ്പെട്ടിരിക്കുന്ന മനസ്സ് തടവറയാണ് സൈമൺവീൽ
- സോഷ്യലിസത്തിന്റെ പ്രതിസന്ധിമുതലാളിത്വത്തിന്റെ വിജയമായി കണ്ട്കൂടാ- റോബർട്ട് റൺസി
- സാഹചര്യങ്ങൾ മനുഷ്യനെ സൃഷ്ടിക്കുകയല്ല,വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്- ജയിംസ് അലൻ
- എനിക്ക് അവകാശപ്പെടാനുള്ള ഏക ഗുണം സത്യവും അഹിംസയുമാണ് മഹാത്മാ ഗാന്ധി
- എന്റെ ജീവിതമാണ് എന്റെ സന്ദേശം മഹാത്മാ ഗാന്ധി

ഫാത്തിമത്തു സുഹറ



# അമ്മ മാനസം



ഏതോ നിശബ്ദ സംഗീതം പോലെയവൾ
ഹൃദയത്തിന്റെ ഉള്ളറകളിൽ
ഗദ്ഗദങ്ങളും പേറി അമ്മിഞ്ഞപ്പാലൂട്ടി നീ
നെഞ്ചിലേറ്റുന്ന താരാട്ടുമായ്
കരളുവാർക്കുന്ന കണ്ണീരുമായ്
നഷ്ട്ടപ്പെട്ട സ്വപ്നങ്ങൾ തൻ തോഴി
ഭർത്തൃപുത്ര സ്വപ്നസാക്ഷാത്കാരത്തിന്
കയ്പുനീരും കുടിച്ചവൾ
അറിയില്ലവൾക്കു വെറുക്കാൻ
അറിവുള്ളതോ ധരണിയോളം  ക്ഷമിക്കാൻ
വിഷാദന്ത്യര ജീവിതത്തിൽ
ശിഥില സ്വപ്നങ്ങൾ  തൻതോഴി
വികിരശ്രേണി പറന്നുയരും പോൽ
സ്വപ്നങ്ങൾ ദൂരേക്ക്  അകലുന്നോൾ
ശോണിതമണിയുന്നു നിൻ സ്നേഹം
അവൾ തൻ ഹൃദയം
വ്യഥയുണ്ടെങ്കിലും മൂകമായ് നിൻ നാവ്
നനച്ചിടുമ്പോഴും  അർധനിലീമിത മിഴികളോടെ
നിയണയുമ്പോൾ
മൃദുസ്മരണയായ് നിൻ മകനായി ഇനിയൊരു
ജന്മം കൂടി പുനർജനിക്കുവാനായി
കേഴുന്നു ഞാൻ അമ്മേ...

ബാദുഷ സുബൈർ



# ഇരുളിലെ വെളിച്ചം തേടി

സ്വപ്നങ്ങളും മോഹങ്ങളും ചില്ലുകൂടുകളിൽ അടക്കപ്പെട്ട് ആരാലും അറിയാതെ പോയ ഒട്ടേറെ മഹദ് വ്യക്തിത്വങ്ങളെ ചരിത്രം പിന്നീട് കണ്ടെടുത്തിട്ടുണ്ട്. എന്നാൽ ആ ചില്ലുകൂടുകളെ ഭേദിച്ച് പുറത്ത് കടന്ന അനേകായിരം മഹാത്മാക്കളെ നാം ഇന്ന് വാഴ്ത്തുന്നു. ചരിത്രത്തിന്റെ താളുകളിൽ സ്വർണലിപികളാൽ എഴുതപ്പെട്ട അവരുടെ പേരുകൾ കലാതീതമായി നിലനിൽക്കുന്നു.ഒരു പക്ഷെ ഭൗമാന്തരീക്ഷം എന്ന ചില്ലുക്കൂടിനു പുറത്തുള്ള ലോകത്തെപ്പറ്റി അറിയാനുള്ള ആ വെമ്പലാകാം ബഹിരാകാശ ഗവേഷണത്തിനു ജന്മം നൽകിയത്. സൗരയൂഥത്തിന്റെ നടുവിൽ ഭൂമിയാണെന്ന് പറഞ്ഞ ഗ്രീക്ക് ചിന്തകരുടെയും അത് സൂര്യന്റെ സ്ഥാനമണെന്ന് കണ്ടുപിടിച്ച നവയൂറോപ്യൻ ശാസ്ത്രജ്ഞരുടെയും ഇടെയിലെവിടെയോ ആണ് ശൂന്യം കണ്ടുപിടിച്ച ഒരു മഹാന്റെ സ്ഥാനം. പക്ഷെ അദ്ദേഹത്തിൽ നിന്ന് നാം ഈ കാണുന്ന നിലയിലേക്കുള്ള ഈ പ്രസ്ഥാനം വളർന്ന് വരാൻ ഒരു യുഗം തന്നെ വേണ്ടി വന്നു.

ഇന്ത്യയുടെ ബഹിരാകാശ ഗവേഷണത്തിന്റെ നാഴികകല്ലുകൾ തേടി മുങ്ങാം കുഴിയെടുന്ന ഓരോ ഗവേഷകനും എത്തിച്ചേരുന്ന ആദ്യ പടവ് സ്വതന്ത്രഭാരതത്തിന്റെ ആദ്യ പ്രധാനമന്ത്രിയായിരുന്ന ചാചാജിയുടെ സഹചാരിയും ശാസ്ത്രജ്ഞനുമായിരുന്ന ഡോ.വിക്രം സാരാഭായിയാണ്. 1962-ൽ 'ഇൻകോസ്പർ'[INCOSPAR] എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിച്ചപ്പോഴും 1969-അത് പിരിച്ച് വിട്ട് 'ഇസ്റോ'[ISRO] രൂപീകരിക്കുമ്പോഴും അതിന് ചുക്കാൻ പിടിച്ചത് കൊണ്ടാണ് അദ്ദേഹത്തെ ഭാരതീയ ബഹിരാകാശ ഗവേഷണത്തിന്റെ പിതാവെന്ന് വിശേഷിപ്പിക്കുന്നത്.

1960-കളുടെ തുടക്കത്തിൽ തന്നെ റോക്കറ്റ് സാങ്കേതിക വിദ്യപഠിക്കാനും പരീക്ഷിക്കാനും ഡോ.സാരാഭായിയുടെ സംഘം കണ്ടുപിടിച്ച സ്ഥലമാണ് തുമ്പ.വെറും മീൻ പിടുത്തക്കാരുടെ ഒരു കുഗ്രാമം ഇത്ര പ്രസക്തമാക്കാൻ കാരണം അതിലൂടെ കടന്നുപോകുന്ന കാന്തിക ഭൂമധ്യരേഖയാണ് [MAGNETIC EQUATOR]. അന്നവിടെ ഉണ്ടായിരുന്ന ഏക കെട്ടിടവും ഇസ്റോയുടെ ആദ്യ ആസ്ഥാനങ്ങളിൽ ഒന്നുമായിരുന്ന ഒരു ക്രിസ്ത്യൻ പള്ളി ഇന്നൊരു മ്യൂസിയമാണ്.

എഴുപതുകളുടെ തുടക്കം വരെ പരീക്ഷണാർത്ഥം ഡോ.സാരാഭായിയും സംഘവും വിക്ഷേപിച്ചിരുന്നത് അമേരിക്കയിൽ നിന്ന് നിക്കി അപ്പാച്ചി[NIKKI APPACHE] റോക്കറ്റുകളാണ്. സ്വന്തമായ് ഒരു റോക്കറ്റ് എന്ന ദീർഘ കാല സ്വപ്നം പൂവണിയുന്നത് ആർ.എച്.75[R.H.75] എന്ന സൗണ്ടിങ്ങ് റോക്കറ്റിലൂടെയാണ്. പിന്നീട് ആർ എച്ച് ഇരുന്നൂറ് , ആർ എച്ച് മുന്നൂറ് തുടങ്ങിയവെല്ലം വന്നു,ഇവിടെ സൗണ്ടിങ്ങ് റോക്കറ്റ് എന്നുദ്ദേശിക്കുന്നത് കേവലം ശബ്ദമുണ്ടാക്കുന്നതിന് എന്ന അർത്ഥത്തിലല്ല. മറച്ച് അളവുകൾ എടുക്കാനും കഴിയുന്ന എന്ന അർത്ഥത്തിലാണ്.

ജിഷ്ണു കെ എസ്

# മയം പിടിക്കാത്ത പേന

**വാ**രി നിറക്കട്ടെ പുസ്ത്തക സഞ്ചിയിൽ
മധുവൂറുമെന്റെ വിദ്യാലയ സ്മരണകൾ
മയമില്ലാ പേനകൊണ്ടെഴുതട്ടെ ഞാനിന്ന്
മയമില്ലാ മാർച്ചിന്റെ യാത്രാമൊഴി!
ജൂണിന്റെ മേൽ ചെളി വെള്ളം തെറിപ്പിച്ച്
കുടചൂടിയെത്തും കുറുമ്പുകൾ നാം
കിളിപ്പച്ച പാൽ നീല വയൽ മഞ്ഞയിങ്ങനെ
മാസങ്ങൾ വരിനിന്നതോർമ്മയില്ലേ?
രണ്ടു വരയിട്ട നാട്ടുമൊഴി നമ്മൾ
കുറുകെക്കടന്നതോ നാൽവരിപ്പാതകൾ!
ഗുണിച്ചും ഹരിച്ചും തളർന്നിരുന്നപ്പോൾ
കടമെടുത്തതൊക്കെയിനിയാര് വീട്ടും?
ഒഴിഞ്ഞ വയറിന്റെ ഉച്ചയിടവേള
മോരൊഴിച്ചൂട്ടിയ പുളിമരച്ചോടുകൾ
മാഷേ മറക്കില്ല വാക്കുകൾ പൊട്ടിയ
വാക്കിനാൽ ചോര പൊടിഞ്ഞതെല്ലാം
മഴകൊണ്ട് വെയിൽ തിന്ന് കാടേറി കാൽ വെന്ത്
നമ്മൾ നടന്ന വഴികൾ എത്ര?
മയമില്ലാ പേന കൊണ്ടെഴുതട്ടെ ഞാനിന്ന്
മയമില്ലാ മാർച്ചിന്റെ യാത്രാമൊഴി..

പി.ബി.ജലാലുദ്ദീൻ




# നമ്മുടെ പരിസ്ഥിതി

ഈ ഭ്രമിയും അതിലെ എല്ലാ ജീവജാലങ്ങളും പരസ്പരം ബന്ധിതമായാണ് നിലനിൽക്കുന്നത്.ഇവിടെ ജീവൻ നിലനിൽക്കുന്നതിന് ഏറ്റവും അനിവാര്യമായ പ്രാണവായു നിർമിക്കാൻ സസ്യങ്ങളുടെ ഇലകൾക്കേ കഴിയൂ. നമ്മുടെ ആഹാര നിർമ്മാണത്തിൽ മത്സ്യങ്ങൾക്കും മറ്റു ജീവികൾക്കും എത്രമാത്രം പങ്കുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ചെയ്യാൻ പറ്റാത്ത ജീവിയാണ് മനുഷ്യർ. മറ്റെല്ലാജീവരൂപങ്ങളും ഈ മണ്ണിൽ ജനിച്ച് ജീവിച്ച് മണ്ണടിയുമ്പോൾ അവർ ഉപയോഗിച്ചതിന്റെ പലമടങ്ങ് ഭ്രമിക്കു തിരിച്ചുനൽകിയാണ് മടങ്ങുന്നത്. മനുഷ്യന് അതിനുള്ള ശേഷിയില്ല. ഇവിടെയുള്ള വിഭവങ്ങൾ നശിപ്പിക്കാനേ നമുക്കറിയൂ. മറ്റു ജീവികളൊന്നും ഭ്രമിയിൽ ഉപയോഗിക്കാത്ത വിഭവങ്ങൾ നാം ഉപയോഗിക്കുന്നു. ഉദാഹരണം കൽക്കരി,എണ്ണ,പ്രകൃതിവാതകം,തുടങ്ങിയവ. അൽപകാലം മുമ്പ് അനന്തമെന്ന് നാം കരുതിയിരുന്ന എല്ലാം ദുർലഭമാണിന്ന്. ലോഹങ്ങൾ,എണ്ണ മത്രമല്ല വനം,കടൽ,ജലം,എന്തിന് ശുദ്ധവായു പോലും കിട്ടാക്കനിയാകുന്നു. ഇത് മനുഷ്യനെ മാത്രമല്ല മറ്റ് സസ്യജീവജാലങ്ങളെയും നശിപ്പിക്കുന്നു. ഇത് ഭ്രമിയിലെ ജീവന്റെ നിലനിൽപ്പ് തന്നെ അസ്ഥിരമാകുന്നു. അതുകൊണ്ട് ഈ തലമുറക്കും അടുത്ത തലമുറയ്ക്കും ഇവിടെ ജീവിക്കാൻ പ്രയാസകരമാണ്..മഹാത്മജി ഏറെ പതിറ്റാണ്ടുകൾക്ക് മുമ്പ് തന്നെ പറഞ്ഞിരുന്നു. എല്ലാമനുഷ്യരുടെയും ആവശ്യങ്ങൾക്കുള്ള വിഭവങ്ങൾ ഈ ഭ്രമിയിലുണ്ട്. എന്നാൽ ഒരാളുടെ അത്യാഗ്രഹത്തിനുള്ള വിഭവങ്ങൾ ഈ ഭ്രമിയിലില്ല.

**സിദ്ധി വിനായക്**











# പ്രളയവും പ്രണയവും

ആദ്യമൗനം മഴയായ് പെയ്തു്
ആർത്തലച്ച് തടം തല്ലി!
തീരങ്ങളെ തഴുകിയും പുൽകിയും
ഓരോ മൺതരിയും കുളിരണിഞ്ഞ്
ഈറൻ നിലാവു ചാലിച്ച
നീല വാനം പോലെ വന്ന്
പീതവർണം കലർന്ന്
ഓരങ്ങളിൽ ചളിയടിഞ്ഞ്
കടലുതാണ്ടിയൊരു പോക്ക്
ആദ്യമൗനം അനുരാഗം
പ്രണയാദ്രകുസുമവാടി
ആർത്തണച്ച് കങ്കണം പൊടിഞ്ഞ്
ഓരോ പരമാണുവിലും പുളകം!
സ്മൃതികളിൽ ഓർമപ്പൂവുകൾ
കാലം സാക്ഷിയായ് പൊഴിഞ്ഞ്
മൗനം ദീർഘനിശ്വാസം
പ്രളയാനന്തരം പുഴ ശൂന്യം!
പ്രണയാനന്തരം മനവും!

സി.എ മുഹമ്മദ്



# കുഞ്ഞുണ്ണിയുടെ ഒരു ദിവസം

**ചേച്ചീ... ചേച്ചീ...** കുഞ്ഞുണ്ണീന്ന് എങ്ങനാ എഴുതുകാ.കുഞ്ഞുണ്ണി ചോദിച്ചു.ഓ ഒരു കുഞ്ഞുണ്ണി. അവൾ കളിയാക്കി ചിരിച്ചു. അവനത്ര പിടിച്ചില്ല.അവൻ ചേച്ചിയോട് പിണങ്ങി ഓടി. അവൻ ഓടിയോടി ഒരു  പാടവരമ്പത്താണെത്തിയത്. അവനതിലൂടെ കളിച്ച് നടക്കുമ്പോഴാണ് അവൻ അത് കണ്ടത്. പൂത്തു നിൽക്കുന്ന ഇലഞ്ഞി മരത്തെ, അവനതിനടുത്തേക്കോടി. കുളിരരുവിയിലേക്ക് ചാഞ്ഞ് നിൽക്കുന്ന ആ മരത്തിൽ ധാരാളം ജീവികൾ അഭയം തേടിയിട്ടുണ്ട്. വേരിനടിയിലും തൊലിക്കുള്ളിലും.അവനതിന്റെ പൂവൊന്ന് നുള്ളി നോക്കി. അതിന് നോവിച്ചിരിക്കുമോ? ആ പൂവിന്റെ  ഗന്ധം ഒരു സുഗന്ധദ്രവ്യത്തിനുണ്ടെന്ന് അവന് തോന്നി. അവൻ നടന്നു. യാത്ര അവസാനിച്ചത് കണ്ണാടി പുഴയുടെ തീരത്താണ്. തെളിനീരുള്ള വെള്ളം.ആറ്റു മീനുകൾ സസന്തോഷം വസിക്കുന്ന ആ പുഴ എത്ര മനോഹരം എത്ര സുന്ദരം. വർഷങ്ങൾക്ക് ശേഷം ജോലി കിട്ടിപ്പോയ ചേച്ചിക്ക് അവനെഴുതി. ഞാനിപ്പോൾ കണ്ണാടി പുഴയുടെ തീരത്തു നിന്നാണ് എഴുതുന്നത്. ഇവിടെ ഇപ്പോൾ തെളിനീരൊഴുക്കില്ല. ആകാശത്തിനിപ്പോൾ വെള്ള നിറമില്ല. പുകയും പൊടിയും നിറഞ്ഞ അന്തരീക്ഷം മാത്രം. അവൻ പുസ്തകത്താളുകൾ മടക്കി വെച്ച് കഴിഞ്ഞ് പോയ ദിവസങ്ങളെക്കുറിച്ച്  ഓർത്തോർത്ത് കരഞ്ഞു.

സഹദിയ പി.എൻ



# മനസ്സെന്ന ചെപ്പടി വിദ്യക്കാരൻ

ഒരുനാളിലെന്നിലെ പച്ചമനുഷ്യനിൽ
സങ്കൽപ്പവല്ലരി പൂവിട്ട മാത്രയിൽ
ദൂരെയാകാശക്കീറിലീറൻ നിലാവോളം
എത്തിപടർന്നെന്റെ  മോഹത്തിൻ മുല്ലകൾ
അനുരാഗ സുന്ദരച്ചാമരം വീശിടും
അരയാൽ  ചുവട്ടിലൊരു ധനുസന്ധ്യയിൽ
പ്രാണനിൽ പൂത്തൊരു ചൂടുള്ള ചുംബനം
ആകെ തളിരായി പൂവായി യൗവ്വനം!
മുകളിലന്തി മാനത്ത് തീർത്തൊരൊന്നാന്തരം
കുങ്കുമ ദീപ്തി പടർന്ന ചിത്രാങ്കണം
സൗന്ദര്യസങ്കൽപ്പ സരോവര തീരത്ത്
പുഞ്ചിരി മധുവായി പെയ്തു നീ നിതംബിനി
എന്നിലെത്താനെത്രമാത്രം പുകഞ്ഞിടും
ഇല്ലാ എനിക്കില്ലാ ഒരുത്തരം ചൊല്ലുവാൻ
എങ്ങു നീ പോയികളഞ്ഞെന്റെ പ്രാണനിൽ
രോമഹർഷം വിരിയിച്ച രൂപിണി!
കണ്ടകിനാക്കളേ നന്ദിയുണ്ടേറ്റവും
കൽപ്പനമൊട്ടിട്ട മനതാരിൻ ചില്ലയിൽ
പൂങ്കുയിലായി താൻ പാട്ടൊന്നു പാടട്ടെ !
നീയാം നീലാപക്ഷി ഏറ്റുപാടട്ടെ!

സി.എ **മുഹമ്മദ്**




NPN
PNP

# അനാഥ ബാല്യങ്ങൾ

നിന്റെ കണ്ണിലൂടെ ഞാൻ എന്റെ
ലോകം കണ്ടറിഞ്ഞു ,വർണങ്ങൾ
ഒട്ടും വാരി വിതറിയില്ലെങ്കിലും
ഉള്ള വർണങ്ങളിൽ മനോഹരമാക്കി
സ്വന്തം ലോകത്തിന് നിറമില്ലെങ്കിലും
അമ്മയുടെ മണമുള്ള ലോകമാക്കി
മനസ്സിന്റെ ഏടുകൾ വലിച്ചു
കീറിയ പട്ടം പറത്താൻ
തിടുക്കപ്പെടുന്ന മറു ബാല്യം
അനാഥത്വത്തിൽ വാതിൽ തുറന്നു
പുറത്തേക്ക് പോകാൻ കൊതിക്കുന്നുണ്ട് മനസ്സ്

ഫാത്തിമത്ത് സിത്താര പർവീൻ



# ശാന്തത

പനിനീർ ദളം പോലെ മൃദുവായ ചുണ്ടുകൾ
നീണ്ടു വിടർന്ന കണ്ണുകളോടു ചോദിച്ചു
നീയെന്തേ  നിറയാത്തൂ നീയെന്തേ തുളുമ്പാത്തൂ
എന്തേ പെയ്യൊഴിഞ്ഞൂ
ഒരു കടലുണ്ടല്ലോ കരഞ്ഞുതീർക്കാൻ
പെയ്യൊഴിയൂ മനസ്സ് ശാന്തമാകട്ടെ
മിഴികൾ മെല്ലെ മൊഴിഞ്ഞു
ഞാൻ പെയ്തു വന്നാൽ
നിനക്ക് വിതുമ്പാതിരിക്കാൻ ആവില്ല
തേങ്ങി തേങ്ങി തളരാതിരിക്കാനാവില്ല
അലറി കരയാതിരിക്കാനാവില്ല
എനിക്കതു കാണാൻ വയ്യ
നിന്റെ പുഞ്ചിരിയാണെന്റെ ശാന്തത

ജെസ്ന ജലാൽ



# ബാലവേല

**കി**ഴക്കോട്ടുള്ള ബസ് പോയപ്പോൾ രാമൻ നായർ നെടുവീർപ്പിട്ടു. ഛെ ബസ്സ് പോയി.ഇനി എന്താപ്പ ചെയ്യ്യാ? അയാൾ പീടികത്തിണ്ണയിൽ ഇരുന്ന് പിറുപിറുത്തു. കണ്ടോ രാമൻ നായരെ, ഇങ്ങനെയുമുണ്ടല്ലോ  നമ്മുടെ നാട്ടിൽ, ഗോപാലകുറുപ്പ് കയ്യിലൊരു പത്രവുമായി രാമൻ നായരുടെ അടുത്തേക്ക് വന്നു. എന്തു പറ്റി ?രാമൻ  നായർ  ചിരച്ച് കൊണ്ട് ചോദിച്ചു.കണ്ടില്ലേ ആഘോഷങ്ങളിലും ഭാരമേറ്റി നടക്കുന്ന കുട്ട്യോളെ,പാവങ്ങളെ.അതിനിപ്പോ നമ്മളെ കൊണ്ടെന്താ ചെയ്യാൻ കഴിയാ? രാമൻ നായർ ഗോപാലക്കുറുപ്പിന്റെ കയ്യിലുള്ള പത്രത്തിലെ ഫോട്ടോയും ലേഖനവും നോക്കി. പെട്ടെന്ന് അയാൾക്ക് തന്റെ മക്കളെ ഓർമ്മവന്നു.വേഗം വീട്ടിലേക്ക് പോണം. ഒറ്റ വാഹനവും കാണുന്നില്ല. രാമൻ നായർ പതുക്കെ വീട്ടിലേക്ക് നടന്നു.നടക്കുമ്പോൾ തന്റെ എതിരെ രണ്ട് കുട്ടികൾ നടന്ന് വരുന്നു. മുഷിഞ്ഞ വസ്ത്രങ്ങളുമായി നഗ്നപാദരായി രണ്ട് പേർ.അവർ ചാക്കുകൾ ചുമലിലേറ്റിയിരുന്നു.പാത്രങ്ങൾ നിറച്ച രണ്ട് ഭാരമേറിയ ചാക്കുകൾ. എവിടേക്കാ? രാമൻ നായർ ചോദിച്ചു.ആ കാണുന്ന വീട്ടിലേക്കാ. അവിടുത്തെ ചേച്ചിക്ക് നൽകാനാ. നിങ്ങളെന്തിനാ ഇതൊക്കെ ചെയ്യുന്നത്? ഇല്ലെങ്കിൽ ചേച്ചി പച്ചവെള്ളം തരൂല. ഇതാണ് നിങ്ങളുടെ  വിധിയെന്ന് ചേച്ചി പറയാറുണ്ട്. ഇത്രയും പറഞ്ഞ് ആ കുരുന്നുകൾ നടന്നകന്നു.

ശ്രീരാഗ് കെ.വി







# ഗുരുദക്ഷിണ

സായന്തനത്തിന്റെ വാടിയിൽ
പൂവുപോൽ ഈ ശിരസ്സൽപ്പം നമിച്ചു ഞാൻ
എൻ പ്രിയ ഗുരുവിന്റെ പാദപത്മത്തിലെൻ
ദക്ഷിണയായെന്റെ ഹൃത്തടം നൽകിടാം
ശിഷ്യ മനസ്സതിൽ പാവനസ്ഥാനത്തി-
നർഹരല്ലോ എന്നും ഈ ഗുരുക്കൾ
മന്ദമായ് തഴുകുന്ന പവനനെപ്പോലെയാ
മന്ദസ്മിതം പോലും ഹൃദ്യമല്ലോ
ഈ ഗുരുമുഖദാവിലൂറിയൊരറിവിന്റെ
അമൃതായ് ഇന്നെന്റെ ചേതനയിൽ
ഈ സ്നേഹ ലാളനമേറ്റിടുവാനില്ല
വർഷങ്ങൾ മുന്നിലെന്നറിയുന്നു ഞാൻ
കാലിടറാതെയെൻ കൈപിടിച്ചീടുവാൻ
അരുമയായെന്നെ അനുഗ്രഹിക്കു
പറയുവാനേറെയുണ്ടെങ്കിലും തടയുന്നു
വിറയാർന്ന ചുണ്ടുകൾ മൗനമായി
വിടയേകുവാനില്ല വാക്കുകൾ ഇന്നിതാ
വികലമായ് ചുറ്റിലും ചിതറീടവേ
ഗദ്ഗദം തൊണ്ടയിൽ പരിഹാസമോടിന്ന
തടയുന്നു പലവേള വചനങ്ങളെ
ഉടയുന്ന മൗനത്തിനിടവേളയിൽ എന്റെ
ഹൃദയതാളം തന്നെ സാക്ഷിയാക്കി
വിടയേകുവാനെനിക്കാവില്ല എങ്കിലും
നേരട്ടെ ആദരാൽ മംഗളങ്ങൾ.

**അനീന ജയ്ശങ്കർ**



# സ്വപ്നങ്ങൾ തകർത്ത പ്രളയം

**ഈ** അടുത്ത നാളിൽ കേരളത്തിൽ ഉണ്ടായ മഹാപ്രളയം കേരളത്തിലെ ഓരോ മനുഷ്യരെയും അത്ഭുതപ്പെടുത്തി. കേട്ട്കേൾവി മാത്രമുള്ള ഒരു സംഭവമായിരുന്ന പ്രളയം.എന്നാൽ കേരളത്തിൽ ജീവിച്ചിരിക്കുന്ന ഓരോ മനുഷ്യരുടെയും ഒരു അനുഭവമായിരുന്നു ഈ മഹാപ്രളയം. എല്ലാ മനുഷ്യരും ജാതിയും മതവും മറന്ന് ജീവന് വേണ്ടി പ്രാർത്ഥിക്കുകയും, പ്രവർത്തിക്കുകയും കേരള ജനത ഒറ്റ കെട്ടായി രക്ഷാ പ്രവർത്തനത്തിൽ ഏർപ്പെടുകയും ചെയ്തപ്പോൾ പ്രളയത്തെ ഒരു പരിധി വരെ നേരിടാൻ പറ്റി.എന്നാൽ കേരള ജനത ഈ പ്രളയം കൊണ്ടൊരു പാഠംപഠിച്ചു.ഇവിടെ വലിയവൻ എന്നോ ചെറിയവനെന്നോ മുതലാളിയെന്നോ തൊഴിലാളിയെന്നോ വ്യത്യാസമില്ലാതെ ഒരു തിരിച്ചറിവ് ഈ പ്രളയം കൊണ്ട് മനുഷ്യന് ഉൾക്കൊള്ളാൻ പറ്റി.ഏതൊരു രാജ്യത്തിന്റെ നാശവും ജാതിയുടെയും മതത്തിന്റെയും പേരിലാണ്. ഇതിനേക്കാൾ വലിയ പ്രകൃതി ദുരന്തം ഇനിയും വന്നേക്കാം .ഓരോ മനുഷ്യരും ജാതിയും മതവും രാഷ്ട്രീയവും മറന്ന് ഒറ്റ കെട്ടായി നിന്നാൽ ഏത് പ്രളയത്തേയും ഒരു പരിധി വരെ നേരിടാൻ കഴിയും. അതുകൊണ്ട് ഒറ്റക്കെട്ടായി ഒരൊറ്റ മനസ്സായി നമുക്ക് മുന്നേറാം.

**ഫാത്തിമത്ത് സിത്താര പർവിൻ**





# ആ കണ്ണുകൾ



അലാറം മുഴങ്ങുമ്പോൾ ഉണരാതെ
മൂടിപ്പുതച്ച് ഇക്കിളികൂടി കിടന്നപ്പോഴും
മണി ഏഴര എന്നാരോ പറഞ്ഞപ്പോഴും
പുതപ്പിനുള്ളിൽ നിന്ന് പുറത്തേക്ക്
വരുവാൻ മനസ്സ് അനുവദിച്ചില്ല,ഒരു-
ജലപാനവുമില്ലാതെ വീട്ടിൽ നിന്ന്
ഇറങ്ങിയപ്പോഴും ,അവസാന ബസിനായി
ഓടിക്കിതച്ചപ്പോഴും ആരുമേ കണ്ടില്ല
എൻമനം  തിരയുന്നതെന്തെന്ന്
ഞാൻ പരതിയതെന്തായിരുന്നു,  അതെ
ആ രണ്ടു കണ്ണുകളെ,ആരും കൊതിപ്പൂ ആ
നയനങ്ങൾകൗതുകം നിറയുന്ന കൺകളിൽ
ആ നയനങ്ങൾ ഇതാ എനിക്ക് ചാരെ
ഒന്നുമേ പറയാനാകാതെ മൂകമായി നിന്നു
ആ കണ്ണുകൾക്ക് അദൃശ്യമായ കാന്തിക ശക്തിയുണ്ടോ?
കുളത്തിലെ പരൽമീനുകളെ പോലെ രണ്ട്കൃഷ്ണമണികൾ
ആ കണ്ണുകളിൽ നീന്തിത്തുടിക്കുന്നുണ്ട്,നിമിഷങ്ങൾ-
അകന്നു,ആ കണ്ണുകൾ ഇന്നെനിക്ക് വിദൂരമാണ്
എങ്കിലും ഞാൻ തിരയുന്നു ആ നക്ഷത്രകണ്ണുകളെ
ഒരു പക്ഷെ,ആ കണ്ണുകൾ ഇന്നും
എന്നെയും തിരയുന്നുണ്ടാവുമോ?

ലുബൈബ അഷ്റഫ്



# പെരിയാറിന്റെ ഓളങ്ങളിലൂടെ

പണ്ട് ഞാനൊരു തെളിനീരായിരുന്നു
എന്നാൽ ഇന്ന് ഞാനൊരു
ദുർഗന്ധം വമിക്കുന്ന പുഴയാകുന്നു
പണ്ട് ഞാൻ ഏവർക്കും വരമായിരുന്നു
എന്നാൽ ഇന്ന് ഞാൻ ഏവർക്കും
ഒരു ശാപമായി മാറിടുന്നു
എന്റെ തെളിനീരായ വെള്ളം ക്രമേണ
നിറംമാറി ഒഴുകിയിട്ടും
നിങ്ങൾ മാലിന്യങ്ങൾ എന്നിലേക്ക്
തള്ളുന്നത് എന്തേ നിർത്തിയില്ല?
ഞാനിന്ന് കേവലം ഒരു പുഴ മാത്രം
എന്നെ തലോടാൻ കാറ്റ് പോലും വിസമ്മതിക്കുന്നു
ഇപ്പോൾ എന്നെ അറിയാൻ ഏവർക്കും ഒരു പേർ മാത്രം
'പെരിയാർ' എന്ന ഒരു പേർ മാത്രം

ഐശ്വര്യ പ്രകാശ്









# ഇന്നലെയുടെ താളുകൾ

**ഇ**ന്നലെയുടെ താളുകൾ മറിക്കവെ
സന്തോഷപൂരിതമാകും മനം
ഓർമ്മകൾ തിങ്ങും താളുകൾ
ഓളങ്ങൾ പോൽ അലയടിച്ചിടും
നല്ല കളിക്കൂട്ടുകാരുടെ കിളിക്കൊഞ്ചലും
നന്മയേറും കഥകളും കളികളും
തിങ്ങിനിറച്ചോരു താളുകൾ വെമ്പുന്നു
തുള്ളിച്ചാടി ഓടി മദിച്ചിടാൻ
ഇണങ്ങി പിണങ്ങി കരഞ്ഞും ചിരിച്ചും
കാലം കോറിയ രസമേറും താളുകൾ
മിന്നാമിനുങ്ങിൻ നുറുങ്ങുവെട്ടം പോൽ
മിന്നിവിളങ്ങി തെളിഞ്ഞിടുന്നു

അൻസി ബഷീർ



# ഇനി ഓർമ്മകൾ മാത്രം

**വേ**നൽ കഴിഞ്ഞ് മാനം മഴ വർഷിക്കാൻ കാത്ത് നിൽക്കുന്നു. നമ്മൾ ഏത് അവസ്ഥയിലാണ് ഇപ്പോൾ നിൽക്കുന്നത്? നമ്മളുടെ മനസ്സിൽ കലാലയ ഓർമ്മകൾ അലയടിക്കുകയാണ്. നമ്മളുടെ മിഴികളെ ഈറനണിയിക്കുന്നതെന്ത്?

വിടവാങ്ങലിന്റെ അവസാനത്തെ നാളുകൾ നമ്മളുടെ കലാലയത്തിലുണ്ടായ ഓരോ കുസൃതികളും നൊമ്പരങ്ങളും ഇപ്പോൾ നമ്മുടെ മനസ്സിൽ കൂടി സഞ്ചരിക്കുകയാണ്. ഒരു യാത്രക്കിടയിൽ സത്രത്തിൽ ഒരുമിച്ച് കൂടിയത് പോലെ നമ്മുടെ ജീവിതയാത്രയിൽ നാം ഇവിടെ ഒരുമിച്ച് കൂടി.നമ്മുടെ ഒത്തുച്ചേരലിന് ആയുസ്സ് ഇനി ഏതാനും ദിനങ്ങൾമാത്രം. നമ്മുടെ ശബ്ദങ്ങൾ കൊണ്ടും ഹാസ്യങ്ങൾ കൊണ്ടും നിറഞ്ഞ് നിന്ന കലാലയമുറികളിൽ ഇപ്പോൾ നിശബ്ദത മാത്രം.

ഞങ്ങൾ ശരീരം കൊണ്ട് അകന്നാലും ഞങ്ങളുടെ ജീവിതകാലം മുഴുവനും ഞങ്ങളുടെ മനസ്സിൽ ആസ്വദിച്ച് കൊതിതീരാത്ത സ്വപ്നമായി മാറുകയാണ് കലാലയം.

**അൻസ നാസർ**



# ഓർമ്മച്ചെപ്പ്

ജീവിതത്തോണി ഞാൻ തുഴഞ്ഞുനീങ്ങുമ്പോൾ
ദുഃഖത്തിനലകളാത്തോണിയിളക്കുമ്പോൾ

എന്നെ സാന്ത്വനിപ്പിച്ചുകൊണ്ട് എൻ-
നേർക്കുകൈനീട്ടുന്നതായിരിക്കണം എൻ മിത്രം
കുട്ടിക്കാലം മുതൽക്കെ എൻ നയനങ്ങൾ

ഒരാത്മമിത്രത്തിനായി അലഞ്ഞു-
സഹപാഠികളിൽ ഞാൻ അവൾക്കായിതിരഞ്ഞു
പക്ഷെ അവരാരും എൻ മനമറിഞ്ഞില്ല

കാലങ്ങൾക്കുശേഷം, ഒരു നാൾ മാലഖയെ
പോൽ എൻ കാത്തിരിപ്പിനു വിരാമമിട്ട്
ഈ പൂന്തോട്ടത്തിൽ തേൻനുകരാൻ
എൻ മനമറിഞ്ഞവളെന്നെ തേടിയെത്തി

മുഹമ്മദ് കെ.എ





# എൻ കലാലയ മുറ്റം

പഠിക്കുന്ന അല്ലെങ്കിൽ  പഠിച്ചിരുന്ന കലാലയത്തോട് പ്രണയം  തോന്നാത്തവരായി ആരുമുണ്ടാകില്ല. ചില പ്രണയങ്ങൾ അങ്ങനെയാണ്. പഠിക്കുന്നകാലത്ത് വെറുപ്പും പിന്നീട് കലാലയത്തിനോട് വിടപറഞ്ഞ് നാളുകൾ കഴിയുന്തോറും അതിനോടുള്ള മുഹബത്ത് കൂടികൂടിവരും നെല്ലിക്ക പോലെ . ആദ്യം കയ്പ്പും പിന്നീടാണ് അതിന്റെ മധുരം എത്രമാത്രമാണെന്ന് നാം ഓരോരുത്തരും തിരിച്ചറിയുന്നത്. കൂട്ടുക്കാരുമൊത്ത് കലാലയത്തിലേക്ക് പോകുമ്പോഴും കലാലയത്തിൽ നിന്ന് മടങ്ങുമ്പോഴും ഇടവഴികളിലും മരച്ചുവട്ടിലും നാം തോളോട് ചേർന്നിരുന്ന് പറഞ്ഞ കഥകളും കലാലയത്തിന്റെ ചുവരിലായി വരച്ച ചെറുചിത്രങ്ങളും ഇന്നെന്റെ മിഴികളെ ഈറനണിയിപ്പിക്കുന്നവോ. ഒരിക്കലും കഴിയരുതെ തീരരുതെ അവസാനിക്കരുതെയെന്ന് മനസ്സിൽ ആഗ്രഹിച്ചുപോയ ആ കലാലയക്കൂട്ട് ഇന്നൊർമ്മകളാകുന്നു. ആ ജാലകവാതിലിലൂടെ നാം കണ്ട സ്വപ്നങ്ങൾ ഒരു പക്ഷേ നമ്മെ തിരയുന്നുണ്ടാവാം. എന്നാൽ നമ്മൾ ശരീരം കൊണ്ട് എത്ര അകന്നാലും നമ്മുടെ ജീവികാലം മുഴുവനും നമ്മളുടെ മനസ്സിൽ ആസ്വദിച്ച് കൊതിതീരാത്ത സ്വപ്നമായി നമ്മുടെ കലാലയം എന്നും നിലകൊള്ളുന്നു

മനു ഇ.എം




സംസ്ഥാന സ്കൂൾ കലോത്സവത്തിൽ
A ഗ്രേഡ് നേടിയ
അർഷി
(ഹിന്ദി പ്രസംഗം)
ജി.എം.എച്ച്.എസ്.എസ്.
ചെറുവട്ടൂർ
പി.ടി.എ. കമ്മിറ്റിയുടെ
അഭിനന്ദനങ്ങൾ


സംസ്ഥാന സ്കൂൾ കലോത്സവത്തിൽ
A ഗ്രേഡ് നേടിയ
ഫാത്തിമ റുക്സാന
(അറബി കവിത രചന)
ജി.എം.എച്ച്.എസ്.എസ്.
ചെറുവട്ടൂർ
പി.ടി.എ. കമ്മിറ്റിയുടെ
അഭിനന്ദനങ്ങൾ



സംസ്ഥാന സ്കൂൾ കലോത്സവത്തിൽ
A ഗ്രേഡ് നേടിയ
മീരാൻ മുഹമ്മദ് മുക്താർ
(അറബി പ്രസംഗം)
ജി.എം.എച്ച്.എസ്.എസ്.
ചെറുവട്ടൂർ
പി.ടി.എ. കമ്മിറ്റിയുടെ
അഭിനന്ദനങ്ങൾ


സംസ്ഥാന സ്കൂൾ കലോത്സവത്തിൽ
A ഗ്രേഡ് നേടിയ
മുഹമ്മദ് റിസ്വാൻ
(ബഡിംഗ് & ഗ്രാഫ്റ്റിംഗ്)
ജി.എം.എച്ച്.എസ്.എസ്.
ചെറുവട്ടൂർ
പി.ടി.എ. കമ്മിറ്റിയുടെ
അഭിനന്ദനങ്ങൾ




CLASS ON
CYBER






# താജ് മഹൽ

ലോക മഹാത്ഭുതങ്ങളിൽ ഒന്നായ താജ്മഹൽ ആഗ്രയിൽ യമുനാനദിക്കരയിൽ സ്ഥിതി ചെയ്യുന്നു . മുഗൾ ചക്രവർത്തിയായിരുന്ന ഷാജഹാൻ പട്ടമഹർഷിയായ മുംതാസ് മഹലിന്റെ സ്മാരകമായി നിർമിച്ചതാണിത്. ചുവന്ന മൺകല്ലുകൾ കൊണ്ട് പടുത്ത പൊക്കമുള്ള ചുറ്റുമതിലുകൾക്കിള്ളിൽ ദീർഘചതുരാകൃതിയിലുള്ള വിസ്തൃതമായ ഒരു സ്ഥലത്താണ് താജ്മഹൽ നിർമ്മിക്കപ്പെട്ടിരിക്കുന്നത്.ആഗ്രയിൽ യമുന തീരത്ത് സ്ഥിതി ചെയ്യുന്ന ഈ മനോഹരമായ സ്മാരക സൗധം വെണ്ണക്കൽശിൽപ്പത്തിന്റെ സമുജ്ജ്വല നിദർശനമാണ്.
പേർഷ്യൻ ഓട്ടോമൻ ഇന്ത്യൻ ഇസ്ലാമിക് എന്നീ വസ്തുവിദ്യാ മാതൃകകൾ കൂടിചേർന്നുണ്ടായ മുകൾ വാസ്തുവിദ്യയുടെ ഉത് തമോദാഹരണമാണ് താജ്മഹൽ. പൂർണമായും വെണ്ണക്കല്ലിൽ നിർമിച്ച ഈ സ്മാരകം പൂർത്തിയാക്കാൻ 22 വര്ഷം എടുത്തു എന്നാണ് കണക്ക്.

മനു ഇ.എം




SPIC MACAY
Ernakulam



# പഴഞ്ചൊല്ലുകൾ

- പന്തീരായിരത്തിൽ പതിമൂവ്വായിരം
- പഞ്ചപാണ്ഡവർ കട്ടിൽ കാലുപോലെ മൂന്ന്
- പരിത്തിപ്പൊതിയിൽ ഒരു നെരിപ്പൂപൊരി
- എല്ലാ തലയിലും എട്ടെഴുത്ത് ;പാപിത്തലയിൽ പത്തെഴുത്ത്
- ഉടല് രണ്ട് ;ഉയിർ ഒന്ന്
- ആയിരം മഹാറാണി അറുപത്തിരണ്ടര
- ആയിരം പേരെ കൊന്നവൻ അരവൈദ്യൻ
- ആയിരം കാക്കയ്ക്ക് ഒരു കല്ല്
- ആന ഇരുന്നാലും ആയിരം ആന ചെരിഞ്ഞാലും ആയിരം
- അരി എറിഞ്ഞാൽ ആയിരം കാക്ക
- അവനും അവളും ഏഴാം പൊരുത്തം

മുഹമ്മദ് കെ എ



# Friendship

**P**erched on the wooden pane
Was a golden bird
Come to share my pain
Grief,regret and terror.
Filled my mind with horror
Withheld memories.
My mind was numb
A cold breeze blew.
Light rain drizzled.
Falling through the diamond droplets
Was one of the closest to my heart .
Not as meloncholy as I was
Not a song of sorrow.
Not a song of regret
Was written on her broad smile.
The world seemed to pause!
The instant our friendship broke
The burning lanterns of hope
suddenly dimmed.
As she passed through the drizzle
Without a backward glance.

Badusha Subair



# MY SECOND HOME

**A** place where we learn a lot of things
A place where we learn ourselves
We are not alone here
Many friends to give company and love
Far away from parents
Feel homesick
Nothing to get worried
The friends will help
Make us study and learn
How to stand on our legs
It is home away from home....

Abhijith Ajikumar



# SACHIN TENDULKAR

Sachin Tendukar,the name itself terror in the heart of bowlers all around the world. Sachin Ramesh Tendulkar, born on 24 April 1973 in Mumbai, Maharashtra, India often referred to as 'The Little Master' or 'The Master Blaster', is a former indian cricketer widely regarded as one of the greatest batsmen in the history of cricket.Sachin's father, Ramesh Tendulkar was awell known marathi novelist and his mother Rajni worked in the insurance company.

As a young boy, Tendulkar was so mischiveous. To curb his bullying tendencies,he was introduced to cricket in 1984.He started taking coaching from the famous coach, Ramakant Achrekar, at shivaji park, Dadar. Sachin's talent in sport was apparent and almost exposed.At the age of14, he scored 326 out of a world record stand of 664 in a school match.As his accomplishments grew,he became a sort of prominent figure among the schools of Mumbai.

On November 14 1987, sachin a 15 years old lad was selected to representMumbai in India's premises domestic first class tournament, Ranji trophy.Sachin made his first international century at young age of seventeen.

Sruthi Dhileep



# Tear Drops

*A drop of tear*
*For a friend or foe*
*When we hear*
*The end is near.*

*A drop of tear*
*For those who have*
*Raised us dear*
*with care so fair.*

*A drop of tear*
*For those who bear*
*The pain of neglect*
*for a life time of care.*

*A drop of tear*
*For a friend so dear*
*who makes me share*
*And ends my shiver.*



*Thasni mol*



# *Me and My tree*

*My Mother planted a tree*
*When i was infant*
*It grow with me*
*It slept with me*
*Then after some years*
*I became a lady*
*The tree grew with me*
*An became a tree*
*when I was old*
*I could feel the tree was weak*
*But it gave me shade every week*
*But the tree was removed as*
*Soon as I moved*
*From this polluted world...*
*My Mother planted a tree*
*When i was infant*
*It grow with me*
*It slept with me*
*Then after some years*
*I became a lady*
*The tree grew with me*
*An became a tree*
*when I was old*
*I could feel the tree was weak*
*But it gave me shade every week*
*But the tree was removed as*
*Soon as I moved*
*From this polluted world...*

*Ancy Basheer*



# मॆरी छतरी

मॆरी यह छॊटी-सी छतरी,
लाल हरी नीली- सी छतरी ।
बादल जब पानी बरसाता,
मॆरि छतरी मुझॆ बचाती ।
सूरज कॆ गृमी सॆ मुझकॊ
मॆरि छतरी मुझॆ बचाती ।
मॆरी यह छॊटी -सी छतरी,
लाल हरी नीली -सी छतरी ।

आदितयन अशॊकन



# ഒത്തിരി നന്ദിയോടെ

അനുവാചക സവിധത്തിൽ ഇതിനെ അണിയിച്ചൊരുക്കാൻ കൂടെ നിന്ന് കരുത്ത് പകർന്ന എല്ലാവർക്കും നന്ദി സർവശക്തനായ ദൈവത്തിന് മുമ്പിൽ ശിരസ്സ് നമിക്കുന്നു. അവിശ്രമപരിശ്രമങ്ങളെ അനുഗ്രഹിച്ചാശീർവദിച്ച അധികാരികൾക്കും സന്ദേശങ്ങളും ആശംസകളും പങ്കുവെച്ച മഹത് വ്യക്തികൾക്കും അധ്യാപകർക്കും ഹൃദയപൂർവ്വം നന്ദി



